**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 108** **27-01-2026 - ൽ മറുപടിയ്ക്ക്**

**ശബരിമലയിലെ സ്വർണ്ണ കൊള്ള കേസിൽ മുൻ ദേവസ്വം പ്രസിഡന്റിന്റെ അറസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമലയിലെ സ്വർണ്ണ കൊള്ള കേസിൽ മുൻ ദേവസ്വം ബോർഡ് പ്രസിഡന്റ്, അംഗങ്ങൾ എന്നിവർ അറസ്റ്റിലായ സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്നു വ്യക്തമാക്കാമോ; | (എ) | ബഹു. കേരള ഹൈക്കോടതി സ്വമേധയാ എടുത്ത SSCR No.23/2025 കേസിലെ 06-10-2025ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ക്രൈംബ്രാഞ്ച് & ലോ & ഓർഡർ ശ്രീ.എച്ച്.വെങ്കിടേഷ് IPSന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 26-ൽ ബഹു.ഹൈക്കോടതി ഇപ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>“We direct the Special Investigation Team constituted to consider the report submitted by the Chief Vigilance and Security Officer (Superintendent of Police) and, upon ascertaining the specific offences disclosed therein, to promptly register a crime in accordance with law. The Team shall thereafter conduct a thorough, impartial, and expeditious investigation, employing all resources and expertise at its command, to ensure that the actual perpetrators are brought to justice and that every aspect relating to the Dwarapalakas is fully brought to light. The officers of the Team shall be directly answerable to this Court and shall ensure that the investigation is conducted with utmost discretion and integrity. They shall refrain from divulging any information to the public or the media until the investigation is completed and seek the permission of this Court before filing the final report before the jurisdictional Court.” |

| | | | |
|---|---|---|---|
| | | | ഈ വിഷയത്തിൽ ക്രൈം നം.3700/2025, 3701/2025 എന്നിങ്ങനെ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണ പുരോഗതി ബഹു. ഹൈക്കോടതി സസൂക്ഷ്മം നിരീക്ഷിച്ചുവരികയും പ്രത്യേക അന്വേഷണസംഘത്തിന്റെ റിപ്പോർട്ടുകൾ പരിഗണിക്കുകയും ചെയ്തുവരികയാണ്. |
| (ബി) | പ്രസ്തുത കേസിൽ മുൻ എം. എൽ. എ. , മറ്റ് ബോർഡ് അംഗങ്ങൾ, എന്നിവർക്ക് എതിരെ ചുമത്തിയിട്ടുള്ള കുറ്റങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | ക്ഷേത്രങ്ങളിലെ അടക്കം അമൂല്യ വസ്തുക്കൾ ബോർഡ് കൊള്ളയടിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (സി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ